12
SUNDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER
PAGE 1

# ഡൽഹിയിൽ വൻ ലഹരിവേട്ട;

## പിടികൂടിയത് 1000 കോടിയുടെ ലഹരിവസ്തുക്കൾ



ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് വൻ ലഹരിവേട്ട. ഗ്രേറ്റർ നോയ്ഡയിലെ ഒരു വീട്ടിൽ നിന്ന് നർകോട്ടിക്സ് കൺട്രോൾ ബ്യൂറോ പിടികൂടിയത് ആയിരം കോടിയുടെ ലഹരിവസ്തുക്കൾ. സംഭവത്തിൽ 2 നൈജീരിയൻ സ്വദേശികളേയും ഒരു ദക്ഷിണാഫ്രിക്കക്കാരനേയും അറസ്റ്റ് ചെയ്തു. 1818 കിലോയോളം വരുന്ന സ്യൂഡോഫെഡ്രിൻ എന്ന ലഹരിമരുന്നാണ് പിടികൂടിയത്.

# റോഡിലെ കുരുക്കഴിക്കാൻ 2 പുതിയ പദ്ധതികൾ;

## 500 ദശലക്ഷം ദിർഹത്തിന്റെ റോഡ് നിർമാണത്തിന് അനുമതി



ദുബായ് : അൽ അവീർ, അൽ ഖവനീജ്, മുഷ്റിഫ് പ്രദേശങ്ങളിലെ ഗതാഗത കുരുക്കിന് പരിഹാരമായി 500 ദശലക്ഷം ദിർഹത്തിന്റെ റോഡ് നിർമമാണത്തിന് അനുമതിയായി. അൽ ഖവനീജ് ഇടനാഴി, മുഷരിഫ് പാർക്ക് മെച്ചപ്പെടുത്തൽ എന്നീ പദ്ധതികൾക്കാണ് ആർടിഎയ്ക്ക് നിർമ്മാണ കരാറിന് അനുമതി നൽകിയത്.

# ആറാം ഘട്ട വോട്ടെടുപ്പ്;

## ബംഗാളിൽ സംഘർഷങ്ങൾക്കിടയിലും കനത്ത പോളിങ്



ഏറ്റവുമൊടുവിൽ ലഭിക്കുന്ന കണക്കുകൾ പ്രകാരം 59.70 ശതമാനം പോളിങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യാപകമായ അക്രമങ്ങൾ അരങ്ങേറിയ പശ്ചിമബംഗാളാണ് പോളിങ് ശതമാനത്തിൽ മുന്നിൽ. 80.13 % പോളിങാണ് പശ്ചിമബംഗാളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഡൽഹി–55.44, ഹരിയാന–62.14, ഉത്തർപ്രദേശ്–50.82, ബീഹാർ–55.04, ജാർഖണ്ഡ്–64.46, മധ്യപ്രദേശ്–60.12 എന്നിങ്ങനെയാണ് പോളിങ് കണക്ക്. മാവോയിസ്റ്റ് ഭീഷണിയുള്ളതിനാൽ ജാർഖണ്ഡിൽ 4 മണിയോടെ പോളിങ് അവസാനിച്ചു.

# ബി.ജെ.പിയെ സഹായിക്കാനായി ഇ.വി.എം അട്ടിമറിച്ചു : അഖിലേഷ് യാദവ്



യു.പി യിലെ അസംഖറിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീനിൽ അട്ടിമറി നടന്നെന്നാണ് യു.പി മുൻ മുഖ്യമന്ത്രിയായിരുന്ന അഖിലേഷ് ആരോപിച്ചത്. ആറോളം പരാതികൾ ഇവിടെ ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ ബി.ജെ.പിയെ സഹായിക്കുകയാണെന്നും അഖിലേഷ് ആരോപിച്ചു.

## റഡാറിൽ നിന്ന് വിമാനങ്ങളെ മഴക്കാർ മറയ്ക്കും:

# മോദിയെ ട്രോളി നെറ്റിസെൻസ്



ബാലാക്കോട്ട് ആക്രമണത്തിന്റെ സമയത്ത് മഴമേഘങ്ങൾ വിമാനങ്ങളെ മറച്ചുവെന്നും ഇത് തന്റെ ബുദ്ധി ആയിരുന്നെന്നും മോദി ഇത് അവകാശപ്പെട്ടതിനെ ട്രോളിക്കൊണ്ട് ഇന്റർനെറ്റ് ലോകം. മോദിയുടെ പ്രസ്താവന ഔദ്യോഗിക ട്വിറ്റർ പേജിലൂടെയാണ് ബിജെപി നൽകിയെങ്കിലും ആക്ഷേപകരമായ കമന്റുകൾ നിറഞ്ഞതോടെ ട്വീറ്റ് ഡിലീറ്റ് ചെയ്യുകയായിരുന്നു.

# പാകിസ്താനിൽ ആവശ്യസാധനങ്ങൾക്ക് വൻ വിലക്കയറ്റം: നേരിടാൻ തയ്യാറാവാൻ ഇമ്രാൻ ഖാൻ





പെട്രോളിന് 9.42 രൂപയും മണ്ണെണ്ണയ്ക്ക് 7.46 രൂപയുമാണ് വില വർധിച്ചത്. സർക്കാർ വിലക്കയറ്റം തടയാനുള്ള ശ്രമത്തിലാണെന്നും നടപടികൾ ഫലം കാണുന്നതുവരെ ജനങ്ങൾ പ്രതിസന്ധി നേരിടാൻ കരുത്തോടെ തയ്യാറെടുക്കണമെന്നും പ്രധാനമന്ത്രി ഇമ്രാൻ ഖാൻ ആഹ്വാനം ചെയ്തു.

# സൗദിയിലെ ഖത്തീഫിൽ 8 ഭീകരരെ സൈന്യം വധിച്ചു.



ദമാം: ശനിയാഴ്ച രാവിലെയായിരുന്നു സംഭവം. പുതുതായി രൂപീകൃതമായ ഭീകരവാദ ഗ്രൂപ്പിലെ അംഗങ്ങളാണ് ഇവരെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. സൗദിയിലെ പ്രധാന സുരക്ഷാ കേന്ദ്രങ്ങളും മറ്റും ആക്രമിക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം. ഖത്തീഫ് പ്രവിശ്യയിൽപ്പെട്ട താറോത്തിന് സമീപം സനാബീസിലാണ് സംഭവം.

# പ്രളയസെസ്സ്

## പിരിച്ചുതുടങ്ങണമെന്ന് ധനവകുപ്പ്:



ബജറ്റിൽ നിർദേശിച്ച പ്രളയസെസ് പിരിച്ചു തുടങ്ങാനുള്ള തീരുമാനം യൂറോപ്യൻ പര്യടനം കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ എത്തിയതിന് ശേഷമെടുക്കും.

---

# PSC ചെയർമാന്റെ ഭാര്യയുടെ യാത്രാച്ചെലവ് കൂടി സർക്കാർ വഹിക്കണം; PSC യുടെ കത്ത് പുറത്ത്.




സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന തിനിടെ സംസ്ഥാനത്തിന് അകത്തും പുറത്തു മുള്ള ഔദ്യോഗിക യാത്രകളിൽ ഭാര്യം ഒപ്പം യാത്ര ചെയ്യുന്ന വേളകളിൽ ഭാര്യയുടെ യാത്രാച്ചെലവ് കൂടി ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുപ്പി ക്കണമെന്നാണ് PSC ചെയർമാൻ എം.കെ.സക്കീറിന്റെ ആവശ്യം

---

# ലാഭ വിഹിതം കുറഞ്ഞു:

## എമിറേറ്റ്സ് ജീവനക്കാർക്ക് ഈ വർഷം ബോണസ് ഇല്ല




താരതമ്യേനെ വളരെ മോശം വർഷമായിരുന്നു കഴിഞ്ഞ സാമ്പത്തിക വർഷമെന്ന് കഴിഞ്ഞ ദിവസങ്ങളിൽ എമിറേറ്റ്സ് അധികൃതർ അറിയിച്ചിരുന്നു. നിലവിൽ 160 രാജ്യങ്ങളിൽ നിന്നുമായി 105,286 ലേറെ ജീവനക്കാർ എമിറേറ്റീസിൽ ജോലി ചെയ്യുന്നുണ്ട്.

---

# കേരള കോൺഗ്രസിൽ പടയൊരുക്കം;

## ജോസ് കെ മാണിയെ ചെയർമാനാക്കണമെന്നാവശ്യപ്പെട്ട് ജില്ലാ പ്രസിഡന്റുമാർ



കെ.എം മാണിയുടെ പിൻഗാമിയായി ജോസ് കെ മാണിയെ ചെയർമാനാക്കണമെന്ന് ഒമ്പത് ജില്ലാ പ്രസിഡന്റുമാർ പാർട്ടി ഡെപ്യൂട്ടി ചെയർമാൻ സി.എഫ് തോമസിനെ കണ്ട് ആവശ്യമുന്നയിച്ചു. എന്നാൽ പാർട്ടിയിലെ ഒരു വിഭാഗത്തിന്റെ നീക്കത്തിൽ പി.ജെ. ജോസഫ് അതൃപ്തി പ്രകടിപ്പിച്ചു.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖ്വെയിൻ |
|---|---|---|---|---|---|---|
| 6.58 PM | 7.02 PM | 6.58 PM | 6.58 PM | 6.52 PM | 6.54 PM | 6.54 PM |